ഉത്തരം

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവുമൂലം സംസ്ഥാനത്ത് നികുതി വരുമാനത്തിൽ പ്രതിമാസം 526.47 ലക്ഷം രൂപയുടെ വർദ്ധനവ് ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിൽ പെട്രോളിൽ നിന്നും 238.22 ലക്ഷം രൂപയും ഡീസലിൽ നിന്നും 288.25 ലക്ഷം രൂപയുമാണ് പ്രതീക്ഷിക്കുന്നത്.

(ബി) സംസ്ഥാന സർക്കാരിന് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിൽ യാതൊരു പങ്കും ഇല്ല. കേന്ദ്ര സർക്കാരിന്റെ പെട്രോളിയം വകുപ്പും പെട്രോളിയം കമ്പനികളും തമ്മിലുള്ള ഉടമ്പടി പ്രകാരം പെട്രോളിയം കമ്പനികളുടെ കമ്മിറ്റിയാണ് വില നിശ്ചയിക്കുന്നത്.

(സി) ഈ സംസ്ഥാന സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിൽപ്പന നികുതി, പ്രവേശന നികുതി തുടങ്ങിയ ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച മൊത്തം നികുതി വരുമാനം ചുവടെ ചേർക്കുന്നു:

വർഷം	*വരുമാനം (കോടിയിൽ)*
2001-2002 . .	1267.60
2002-2003 . .	1474.81
2003-2004 . .	1625.06

(ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ തന്നാണ്ടിൽ കിട്ടാവുന്ന അധിക നികുതി ഇപ്പോൾ വിലയിരുത്തുവാൻ സാധിക്കുകയില്ല. എന്നാൽ ഏപ്രിൽ മുതൽ മേയ് വരെയുള്ള അധിക നികുതി വർദ്ധനവിന്റെ വെളിച്ചത്തിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കഴിഞ്ഞ വർഷത്തേക്കാൾ 55.27 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

(ജി ആന്റ് എച്ച്) വിവരം ശേഖരിച്ചുവരുന്നു.

പദ്ധതി-പദ്ധതിയേതര ചെലവുകൾക്ക് നീക്കിവച്ച തുക

3 [1135] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
,, എം. കുമാരൻ:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ സ്രോതസ്സുകളിൽ നിന്ന് സംസ്ഥാനം കടം വാങ്ങിയ തുകയിൽ പദ്ധതികൾക്കും പദ്ധതിയേതര ചെലവുകൾക്കുമായി നീക്കിവച്ച തുക എത്ര വീതമാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പദ്ധതി ചെലവുകൾ നേരിടുന്നതിനുവേണ്ടി ആസൂത്രണ കമ്മീഷന്റെയും കേന്ദ്രസർക്കാരിന്റെയും അംഗീകാരത്തോടുകൂടി മാത്രമേ സംസ്ഥാന സർക്കാരിന് കടം വാങ്ങാൻ സാധിക്കുകയുള്ളൂ. അപ്രകാരം കടം വാങ്ങുന്ന തുക പദ്ധതിയേതര ചെലവുകൾക്ക് നീക്കിവയ്ക്കാറില്ല.

പൊതുധനസ്ഥിതിയെക്കുറിച്ചുള്ള ധവളപത്രം

4 [1136] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് പൊതുകടത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഏതെല്ലാം ഏജൻസികളിൽ നിന്നാണ് സർക്കാർ കടമെടുത്തിട്ടുള്ളതെന്നും അവ ഏതെല്ലാം മേഖലകളിൽ വിനിയോഗിച്ചെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 31-3-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 1-4-2001 മുതൽ 31-3-2004 വരെയുള്ള കാലയളവിൽ പൊതുകടത്തിലുണ്ടായ വർദ്ധനവ് 12,315 കോടി രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിൻ നിന്നും എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. എന്നീ ധനകാര്യ ഏജൻസികളിൽ നിന്നും കടമെടുത്തിട്ടുണ്ട്. എൽ.ഐ.സി. വായ്പകൾ ഭവനനിർമ്മാണത്തിനും, ജി.ഐ.സി. വായ്പകൾ ഭവന നിർമ്മാണത്തിനും, അഗ്നിശമന സാമഗ്രികൾക്കായും, നബാർഡ് വായ്പകൾ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും, എൻ.സി.ഡി.സി. വായ്പകൾ സഹകരണ മേഖലയിലും, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ സംസ്ഥാന പദ്ധതികൾക്ക് പൊതുവായും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായും ഉപയോഗപ്പെടുത്തിവരുന്നു.

(സി) പൊതുധനസ്ഥിതിയെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും നിയമസഭയ്ക്കും മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കും ലഭ്യമാക്കിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് പ്രത്യേകം ഒരു ധവളപത്രം ഇറക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly